# അണക്കെട്ടുകളുടെ സ്കാൻറിപ്പോർട്ട്

സ്നേഹലത

## ലോകഅണക്കെട്ട്കമ്മീഷൻ റിപ്പോർട്ട്

മനുഷ്യാവകാശങ്ങൾ, വികസനം, സുസ്ഥിരത എന്നിവയോടുള്ള ആഗോളപ്രതിബദ്ധതതന്നെയാണ് മാനദണ്ഡമായി സ്വീകരിച്ചിരിക്കുന്നതെന്ന് റിപ്പോർട്ടിന്റെ ആമുഖത്തിൽ പറയുന്നു.

### സത്യമായ ചില വസ്തുതകൾ.

(1) മനുഷ്യവികാസത്തിൽ അണക്കെട്ടുകൾ കാര്യമായ പങ്കുവഹിച്ചിട്ടുണ്ട് - ഗണ്യമായ സംഭാവനകൾ നൽകിയിട്ടുണ്ട്.

(2) പക്ഷേ, ഒട്ടേറെ അണക്കെട്ടുകളുടെ കാര്യത്തിൽ അനാവശ്യവും അസമ്മതവുമായ വിലകൊടുക്കേണ്ടിവന്നു - സാമൂഹ്യപാരിസ്ഥിതികപ്രശ്നങ്ങൾ, ഒഴിപ്പിക്കപ്പെട്ട ജനങ്ങൾ, നദികളുടെ താഴ്ഭാഗങ്ങളിൽ താമസിക്കുന്ന ജനത------- അങ്ങനെ.

(3) ഉണ്ടായ ഗുണങ്ങൾ പങ്കിട്ടെടുക്കുന്നതിൽ വലിയ അനീതിവന്നു. ബദൽ മാർഗ്ഗങ്ങളുപയോഗിച്ച് ഉണ്ടാക്കാമായിരുന്നതിനേക്കാൾ കൂടുതൽ വെള്ളവും ഊർജ്ജവും നൽകാൻ പല അണക്കെട്ടുകൾക്ക് കഴിഞ്ഞോ എന്ന കാര്യവും സംശയമാണ്.

(4) ജല, ഊർജ്ജസ്രോതസ്സുകൾ വികസിപ്പിക്കുന്ന പദ്ധതികൾ വരുമ്പോൾ ആരെയൊക്കെ ബാധിക്കും ? ആരുടെ അവകാശങ്ങളിൽ കൈയേറ്റമുണ്ടാകും? ഇവയും പരിശോധിക്കണം.

(5) നാമെടുക്കുന്ന തീരുമാനം വികസനത്തിന്റെ സാമൂഹ്യവും പാരിസ്ഥിതികവും സാമ്പത്തികവുമായ വശങ്ങളേക്കുറിച്ചുള്ള നിലപാട് വ്യക്തമാക്കുന്നതായിരിക്കണം.

ഇന്നത്തെ ലോകാവസ്ഥ എന്താണ്? ജലാശയങ്ങളിൽനിന്നും (തടാകം, പുഴ) ഭൂഗർഭജലശേഖരത്തിൽനിന്നും ഭീമമായ തോതിലാണ് മനുഷ്യൻ ജലമെടുക്കുന്നത്. 3800 ക്യുബിക് കിലോമീറ്റർ ശുദ്ധജലമാണ് ലോകത്തിൽ വാർഷികചെലവ്. 50 വർഷങ്ങൾക്കുമുൻപ് ഇതിന്റെ പകുതിയേ ഉണ്ടായിരുന്നുള്ളൂ !

ശുദ്ധജലആവശ്യങ്ങളോട് ധർമ്മനീതി; തുല്യത, ലഭ്യത എന്നിവയിലൂന്നിയ സമീപനം വേണം. ആഗോള വികസനപദ്ധതിയിലെ ഏറ്റവും വലിയ പ്രശ്നം ശുദ്ധജലോപയോഗമാണ്. മത്സരമല്ല സഹകരണമാണാവശ്യം.

20-ാം നൂറ്റാണ്ടിൽ ജലവിഭവശേഷി കാര്യമായി ഉപയോഗിക്കാനാണ് അണക്കെട്ടുകൾ പണിയപ്പെട്ടത്. ലോകത്തിലെമ്പാടുമായി 45,000 വലിയ അണക്കെട്ടുകൾ പണിതിട്ടുണ്ട്. ലോകം ഒട്ടാകെ എടുത്താൽ കൃഷിചെയ്യുന്ന ഭൂമിയുടെ 30-40% അണക്കെട്ടാശ്രിതമാണ് - വൈദ്യുതിയുടെ 19%ഉം. 1930മുതൽ 1970വരെ വികസനം എന്നതിന് പര്യായമായിരുന്നു അണക്കെട്ടുനിർമ്മാണം. 70കളിൽ അത് ഉച്ചസ്ഥായിയിലായി. ഓരോ ദിവസവും ലോകത്ത് എവിടെയെങ്കിലും ഒന്നോ രണ്ടോ ഡാമുകൾ കമ്മീഷൻ ചെയ്യപ്പെട്ടു. അവയിൽ നിക്ഷേപിച്ച പണമോ അതിഭീമമായിരുന്നു. 2 ട്രില്യൺ ഡോളറിലധികം വൻകിട ഡാമുകൾക്കു മാത്രമായി ചെലവായി. ഭക്ഷ്യസുരക്ഷിതത്വം, തദ്ദേശതൊഴിൽസാധ്യതകൾ, കഴിവ് വികസനം, ഗ്രാമീണ വൈദ്യുതീകരണം, റോഡ് മുതലായവയും സ്കൂളിന്റേയും മറ്റും വിപുലീകരണം - ഇവയെല്ലാം നോക്കിയിട്ടാണ് ഗുണം നിർണ്ണയിക്കേണ്ടത്. പക്ഷേ

i 40 - 80 ലക്ഷത്തോളം ആളുകൾ കുടിയിറക്കപ്പെട്ടത്.

ii ലോകത്തിലെ നദികളിലെ 60%ഉം അണക്കെട്ടുകളാൽ ചീത്തയായി ബാധിക്കപ്പെട്ടത്.

iii ഡാമുകൾകൊണ്ട് ദുരിതമനുഭവിക്കുന്ന ജനസമൂഹം എന്നിവയെല്ലാം അണക്കെട്ടുകളോട് ഒരവിശ്വാസം ജനിപ്പിച്ചു. ഇത്തരുണത്തിലാണ് 1998 ഫെബ്രുവരിയിൽ ലോക അണക്കെട്ട് കമ്മീഷൻ രൂപപ്പെട്ടത്. അന്ന് 12 അംഗങ്ങളുണ്ടായിരുന്നു. പ്രൊഫസർ കാദർ അസ്മലായിരുന്നു ചെയർമാൻ. കമ്മീഷന്റെ ഉദ്ദേശ്യങ്ങൾ -

(1) വലിയ അണക്കെട്ടുകളിലൂടെ ശരിയ്ക്കും വികസനം സാധ്യമോ? ഊർജ്ജ/ജലസ്രോതസ്സുകളാവാൻ വേറെ സാധ്യതയില്ലേ?

(2) അന്തർദ്ദേശീയതലത്തിൽ ഉചിതവും യുക്തവുമായ മാനദണ്ഡങ്ങളും നിർദ്ദേശകതത്വങ്ങളും മാനകങ്ങളും (അണക്കെട്ടുകളുടെ രൂപകല്പന, ഭാവന, നിർമ്മാണം, വിലയിരുത്തൽ, ഡീ കമ്മീഷൻ ചെയ്യൽ തുടങ്ങിയവയിൽ ഒക്കെ) രൂപീകരിക്കുക. ചുരുക്കത്തിൽ തീരുമാനമെടുക്കുന്നതിന് ചില നിർണ്ണായകതത്വങ്ങൾ ഉണ്ടായിരിക്കുക.

കമ്മീഷൻ വലിയ അണക്കെട്ടുകളെക്കുറിച്ചുള്ള പല കാര്യങ്ങളും പഠിച്ചു. പല രാജ്യങ്ങൾ, പല രീതികൾ, പല കേസുകളുടേയും പഠനങ്ങൾ - വിപുലമായ ഒരു മേഖലയായിരുന്നു അത്. വിലയിരുത്തൽ ഇങ്ങനെ: വലിയ അണക്കെട്ടുകളുടെ പ്രവർത്തനം

സാമ്പത്തിക, സാങ്കേതികമേഖലകളിൽ പരാജയം, സാമൂഹ്യവും പാരിസ്ഥിതികവുമായ ദൂഷ്യഫലങ്ങൾ, ദരിദ്രജനവിഭാഗത്തിനും തദ്ദേശീയർക്കും സഹിക്കേണ്ടിവന്ന അനീതികൾ ഇവയെല്ലാം പ്രധാനമാണ്.

ലോക അണക്കെട്ടു കമ്മീഷൻ കണ്ടെത്തിയ കാര്യങ്ങൾ ഇവയെല്ലാമാണ്.

(1) തരാമെന്ന് വാഗ്ദാനം ചെയ്ത വെള്ളവും വൈദ്യുതിയും ഉല്പാദിപ്പിച്ച കാര്യത്തിൽ വലിയ വ്യത്യാസമാണ് ഓരോ അണക്കെട്ടും കാണിക്കുന്നത്. പലതും ഭൗതികവും സാമ്പത്തികവുമായ ലക്ഷ്യത്തിലെത്തിയില്ല. 30 - 40 കൊല്ലമായിട്ടും നന്നായി പ്രവർത്തിക്കുന്നവയും ഉണ്ട്.

(2) ഉദ്ദേശിക്കപ്പെട്ട പദ്ധതിച്ചിലവ് കവിയുക, തീയതികളിൽ പണി പൂർത്തിയാവാതിരിക്കുക - ഈ രണ്ടും സാധാരണമാണ്.

(3) കാർഷിക ജലസേചനം അതുവഴിയായുള്ള സാമ്പത്തിക വികസനം - ഈ ലക്ഷ്യം ശരിക്കും പാലിക്കാനായില്ല.

(4) ജലവൈദ്യുതിയുടെ കാര്യത്തിൽ ലക്ഷ്യം നിറവേറ്റിയവയും കവിഞ്ഞവയും നിറവേറ്റാത്തവയും ഉണ്ട്.

(5) നദി, നദീതടം, നീർത്തടം, ജലാധിഷ്ഠിതപരിസ്ഥിതിവ്യൂഹം എന്നിവയെ എല്ലാ വലിയ അണക്കെട്ടുകളും ദോഷകരമായി ബാധിച്ചു. ചില ആവാസവ്യൂഹങ്ങളും ജീവിവർഗ്ഗങ്ങളുംവരെ നശിച്ചു.

(6) ഇവയെ തടയാനുള്ള മുൻകരുതലുകളും നീക്കങ്ങളും പല കാരണങ്ങളാലും ഫലവത്തായില്ല.

(7) ദൂഷ്യഫലങ്ങൾ കുറയ്ക്കാനും, ഒഴിവാക്കാനും, ബാധിക്കപ്പെട്ട ജനതയെ പുനരധിവസിപ്പിക്കാനും പുതിയ ജീവിതമാർഗ്ഗങ്ങൾ കണ്ടെത്താനും അവരുടെ ദാരിദ്ര്യത്തിന് പരിഹാരം കാണാനും കഴിഞ്ഞില്ല, തുനിഞ്ഞില്ല.

(8) ഇത്തരം അണക്കെട്ടുകൾ പാരിസ്ഥിതികവും സാമൂഹ്യവുമായി ഉണ്ടാക്കിയ നഷ്ടങ്ങൾ, സാമ്പത്തിക നേട്ടങ്ങളേയും മറ്റു ലാഭങ്ങളേയും താരതമ്യപ്പെടുത്തുമ്പോൾ അതിഭീമമാണ്.

---

പുതിയ ഉത്തരാഞ്ചൽ സംസ്ഥാനത്തിൽപ്പെട്ട തെഹ്‌രി അണക്കെട്ടിലെ പണികൾ പുനരാരംഭിക്കാൻ കേന്ദ്രസർക്കാർ ഉത്തരവിട്ടിരിക്കയാണ്. മജിസ്ട്രേറ്റ് രാധാ രാത്തൂരി നയിക്കുന്ന ജില്ലാഭരണകൂടം സർക്കാർ ഉത്തരവ് നടപ്പാക്കാൻ സന്നദ്ധവുമാണ്. "ഈ ജലവൈദ്യുതപദ്ധതിയുടെ പണി തടസ്സമില്ലാതെ നടത്തണമെന്ന് കേന്ദ്രം വ്യക്തമായ നിർദ്ദേശം തന്നിട്ടുണ്ട്. 22-ാം തീയതി രാവിലെ തുടങ്ങിയ പണി ഗ്രാമീണർ ഒറ്റക്കെട്ടായി എതിർത്തപ്പോൾ നാലുമണിക്കൂർകൊണ്ട് മുടങ്ങിപ്പോയി' എന്നാണ് അധികൃതർ പറയുന്നത്. ഉത്തരാഞ്ചൽ ഹൈക്കോടതി ഉത്തരവ് പ്രകാരമാണ് തെഹ്‌രി ജലവൈദ്യുത കോർപ്പറേഷൻ പണി തുടങ്ങാനുള്ള ശ്രമമാരംഭിച്ചത്. കോടതിയുത്തരവനുസരിച്ചാണിതെന്നും ഗ്രാമീണർ ഒഴിഞ്ഞുപോയില്ലെങ്കിൽ ഒഴിപ്പിക്കുമെന്നും ജില്ലാഭരണകൂടം പറഞ്ഞു. എന്നിട്ടും കാര്യമില്ലാതായപ്പോഴാണ് അണക്കെട്ട് പ്രദേശത്ത് കഴിഞ്ഞ 23 ദിവസമായി ധർണ്ണ നടത്തിയിരുന്ന 50 സമരക്കാരെ പോലീസ് അറസ്റ്റ് ചെയ്തത്. മാർച്ച് 30മുതൽ പണി ധർണ്ണമൂലം തടസ്സപ്പെട്ടിരിക്കയായിരുന്നു. അറസ്റ്റിൽ ക്ഷുഭിതരായ ഗ്രാമീണരെല്ലാംചേർന്ന് അണക്കെട്ട് നിർമ്മാണം തടഞ്ഞിരിക്കയാണ്.

2001 ഏപ്രിൽ 23ന് പത്രങ്ങളിൽവന്ന മേൽപറഞ്ഞ വാർത്തയോട് ബന്ധപ്പെട്ട് "അണക്കെട്ടുകളും വികസനവും : നിശ്ചയനിർണ്ണയത്തിന് പുത്തൻചട്ടങ്ങൾ" എന്ന അണക്കെട്ടുകളേക്കുറിച്ചുള്ള ലോക കമ്മീഷന്റെ റിപ്പോർട്ട് ചേർത്ത് വായിക്കാം. വലിയ അണക്കെട്ടുകളേക്കുറിച്ചുള്ള ചർച്ച ഒരേസമയം സങ്കീർണ്ണവും ലളിതവുമാണ്. അണക്കെട്ടുകളുടെ സങ്കല്പനം, നിർമ്മാണം, നിർവഹണം എന്നിവയിലില്ലൂന്നുയർത്തുന്ന സാമൂഹ്യവും പാരിസ്ഥിതികവും രാഷ്ട്രീയവും ആയ തെരഞ്ഞെടുപ്പുകളുടേയും വികസന സങ്കല്പങ്ങളുടേയും മേഖലയിലാണ് അത് സങ്കീർണ്ണമാവുന്നത്. മറ്റു പല മാനുഷിക പ്രശ്നങ്ങളിലുമെന്നപോലെ ഇതിലും ധാർമ്മികനീതി, അധികാരം, ഭരണം തുടങ്ങിയ പ്രശ്നങ്ങൾ കടന്നുവരുന്നു.